# 51–ാമത് മന്നംസമാധിദിനാചരണം ഭക്തിനിർഭരമായി നടന്നു

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ 51-ാമത് ചരമവാർഷികം 2021 ഫെബ്രുവരി 25 വ്യാഴാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ ആചരിച്ചു.

നമുക്ക് എന്നും മാർഗ്ഗദർശിയായി അനുഗ്രഹം ചൊരിയുന്ന ആ പുണ്യാത്മാവിന്റെ ആത്മീയചൈതന്യം നിറഞ്ഞുനില്ക്കുന്ന അന്ത്യവിശ്രമസങ്കേതമായ മന്നംസമാധിമണ്ഡപത്തിൽ അന്നേദിവസം ഭക്തിഗാനാലാപനവും, പുഷ്പാർച്ചനയും, ഉപവാസവും, സമൂഹപ്രാർത്ഥനയും പതിവുപോലെ നടന്നു. രാവിലെ 6 മണി മുതൽ സമുദായാചാര്യൻ ഇഹലോകവാസം വെടിഞ്ഞ 11.45 വരെ നടന്ന പ്രസ്തുത ചടങ്ങിൽ കോവിഡ്-19 നിബന്ധനകൾ പാലിക്കേണ്ടിവന്നതുകൊണ്ട് സമീപ കരയോഗങ്ങളിലെഅംഗങ്ങളും എല്ലാവർഷവും നിർബന്ധമായും പതിവുതെറ്റാതെ എത്തുന്നവരായ സമുദായാംഗങ്ങളും മറ്റ് അഭ്യുദയകാംക്ഷികളും മാത്രമാണ് പങ്കെടുത്തത്.

മന്നംസമാധിമണ്ഡപത്തിൽ ഭക്തിനിർഭരമായ ചടങ്ങ് നടക്കുമ്പോൾതന്നെ, ഇവിടെ എത്താൻ കഴിയാതെവന്ന സമുദായാംഗങ്ങൾ അവരവരുടെ കരയോഗങ്ങളിൽ പതിവുപോലെ രാവിലെ 6 മണി മുതൽ 11.45 വരെ നടന്ന ചടങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി. ആ പുണ്യാത്മാവിന്റെ ചിത്രത്തിനു മുന്നിൽ നിലവിളക്കുകൊളുത്തി പുഷ്പാർച്ചന നടത്തി പ്രാർത്ഥനാനിരതരായി ഉപവസിച്ചാണ് അവർ അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിച്ചത്.

ഈ ദിവസം എൻ.എസ്.എസ്സിന്റെ കോളേജുകൾക്ക് പ്രവൃത്തിദിനമാക്കേണ്ടിവന്നതിനാൽ, അന്ന് കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പുതന്നെ അദ്ധ്യാപകരും മറ്റു ജീവനക്കാരും അതാതു സ്ഥാപനങ്ങളിൽഎത്തി, സമുദായാചാര്യന്റെ ചിത്രത്തിനു മുമ്പിൽ നിലവിളക്കു കൊളുത്തി പ്രാർത്ഥിച്ചും പുഷ്പാർച്ചന നടത്തിയും ആ പുണ്യാത്മാവിനോടുള്ള ആദരവ് പ്രകടിപ്പിക്കുകയുണ്ടായി. എൻ.എസ്.എസ്സിന്റെ മറ്റു സ്ഥാപനങ്ങളിലെ ജീവനക്കാർ അവരവരുടെ കരയോഗങ്ങളിൽ സംഘടിപ്പിച്ച ചടങ്ങിൽ പങ്കെടുത്താണ് ആദരവ് പ്രകടിപ്പിച്ചത്.

നായർ സർവീസ് സൊസൈറ്റിക്ക് രൂപം നൽകിയ വേളയിൽ സമുദായാചാര്യനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ ആചാര്യസ്മരണയോടെ ചൊല്ലിയും ഏറ്റു ചൊല്ലിയും ആണ് സമാധിമണ്ഡപത്തിലും താലൂക്ക് യൂണിയനുകളിലും കരയോഗങ്ങളിലും നടത്തിയ ആചരണത്തിന്റ സമാപനം കുറിച്ചത്.

ജയന്തിദിനത്തിലെന്നപോലെ സമാധിദിനത്തിലും മന്നത്തുപത്മനാഭനെ സംബന്ധിച്ചുള്ള സ്മരണകൾ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ട്വിറ്ററിലൂടെ പങ്കുവെച്ചു എന്നത് ഏറെ മഹത്തരമാണ്.

